പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2330

18/02/2016 ൽ മറുപടി നല്കേണ്ടിയിരുന്നത്

കാൻസർ രോഗികൾക്കുള്ള പെൻഷൻ - പുനരധിവാസ പദ്ധതികൾ

| ചോദ്യം<br>**ശ്രീ.തോമസ് ഉണ്ണിയാടൻ** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നിർദ്ധനരായ കാൻസർ രോഗികൾക്കും മറ്റ് മാരക രോഗങ്ങൾ ബാധിച്ച് കിടപ്പിലായവർക്കും നൽകിവരുന്ന പെൻഷൻ -പുനരധിവാസ നടപടികൾ എന്തെല്ലാം; | (എ) | നിർദ്ധനരായ കാൻസർ രോഗികൾക്കും, ക്ഷയം, കുഷ്ഠം എന്നിവ ബാധിച്ചവർക്കും പ്രതിമാസം ആയിരം രൂപ വീതം നൽകിവരുന്നു. ഇത് നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയാണ് നൽകുന്നത്. ചികിത്സ കഴിഞ്ഞവർക്കും ഇപ്പോൾ ചികിത്സയിലിരിക്കുന്നവർക്കും ജില്ലാ തലത്തിൽ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നാണ് ഈ തുക ആറ് മാസം വീതം നൽകിവരുന്നത്. മറ്റ് മാരകരോഗങ്ങൾ ബാധിച്ചവർക്ക് പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ നിന്നും ചികിത്സാ ധനസഹായം നൽകിവരുന്നുണ്ട്. |
| (ബി) | പുനരധിവാസ നടപടികൾ വ്യാപിപ്പിക്കുന്നതിനും പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | പുനരധിവാസ പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ